**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5411** **12-08-2021 - ൽ മറുപടിയ്ക്ക്**

**കരുവന്നൂർ ബാങ്കിന് പുനരുദ്ധാരണ പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീമതി കെ.കെ.രമ | | **Shri. V. N. Vasavan**<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കരുവന്നൂർ സഹകരണ ബാങ്കിനായി പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിനായി നിലവിൽ പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കിയിട്ടില്ല. |
| (ബി) | കരുവന്നൂർ സഹകരണ ബാങ്കിന്റെ പേരിൽ ക്രമക്കേട് നടത്തിയ വ്യക്തികളുടെ സ്വത്തുക്കൾ കണ്ടുകെട്ടാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടികൾ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ; | (ബി) | കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ പേരിൽ ക്രമക്കേട് നടത്തിയ വ്യക്തികളെ സർച്ചാർജ്ജ് ചെയ്യുന്നതിന്റെ ഭാഗമായി സഹകരണ നിയമം വകുപ്പ് 68 പ്രകാരമുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതാണ്. |
| (സി) | സഹകരണ ബാങ്ക് ഉദ്യോഗസ്ഥർ മനപൂർവം വീഴ്ച വരുത്തിയാൽ കർശന നടപടി എടുക്കാൻ സഹകരണ നിയമത്തിൽ വ്യവസ്ഥകളുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നിയമ ഭേദഗതി വരുത്താൻ തയ്യാറാകുമോ? | (സി) | സഹകരണ നിയമത്തിൽ വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ